(Pages : 3) **M – 3633**

Reg. No. : ...............................

Name : ....................................

# First Semester B.Com. Degree Examination, February 2022

## First Degree Programme under CSS

## SDE

## Language Course II

## Additional Language – Malayalam

## ML 1111.2 : നോവൽ, നാടകം, സഞ്ചാരസാഹിത്യം

## (2017 Admission Onwards)

gcwcentrallibrary.in

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. 'സമുദ്രശില'യുടെ കർത്താവ്.

2. മലബാർ കുടിയേറ്റം പ്രമേയമാക്കി പൊറ്റക്കാട്ട് എഴുതിയ നോവൽ ഏത്?

3. മലയാളത്തിലെ 'ഇബ്സൻ' എന്നറിയപ്പെടുന്നത് ആര്?

4. തനതുനാടകസങ്കേതത്തിൽ സി.എൻ. ശ്രീകണ്ഠൻ നായർ എഴുതിയ നാടകം ഏത്?

5. 'കാപ്പിരികളുടെ നാട്ടിൽ' പരാമർശിച്ചിരിക്കുന്ന ടാങ്കനിക്കയുടെ ഇന്നത്തെ പേര്.

6. വർത്തമാനപ്പുസ്തകം എഴുതിയതാര്?

7. 'ഉയരുന്ന യവനിക' എന്ന ഗ്രന്ഥത്തിന്റെ കർത്താവാര്?

8. മലയാളി നഴ്സുമാരുടെ പ്രവാസജീവിതത്തെ അടിസ്ഥാനമാക്കി ബന്യാമിൻ എഴുതിയ നോവൽ.

P.T.O.

9. എൻ.എൻ. പിള്ളയുടെ ആത്മകഥയേത്?

10. സഞ്ചാരം എന്ന ടെലിവിഷൻ പരിപാടിയുടെ അവതാരകൻ ആര്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിനുത്തരമെഴുതുക.

11. ആഫ്രിക്കയുടെ വടക്കുഭാഗം വലിയൊരു മരുഭൂമിയായിത്തീർന്നതെങ്ങനെ?

12. 'ആ, ഇക്കണ്ട നെലത്തിന് ഇങ്ങനെ എത്രയെത്ര കഥ പറയാൻ കാണും' - ആരുടെ വാക്കുകൾ? സൂചിതമെന്ത്?

13. പൊന്നാനിക്കടലലകളുടെ ഇരമ്പം ആനക്കരെ വരെ എത്തിയതായി മാമൂട്ടിക്ക് തോന്നിയ തെപ്പോൾ?

14. എക്സ്പ്രഷനിസ്റ്റു നാടകം എന്നാലെന്ത്?

15. സഞ്ചാരസാഹിത്യത്തിനുണ്ടായിരിക്കേണ്ട ഗുണങ്ങളെന്തെല്ലാം?

16. 'ബൈറ' തുറമുഖപട്ടണത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

17. 'മര്യാദയാണ് കടം വാങ്ങുന്നവനും കൊടുക്കുന്നവനും വേണ്ട ഉത്തമ ഗുണം' - സമകാലികസാഹചര്യത്തിൽ ഈ അഭിപ്രായത്തെ വിലയിരുത്തുക.

18. കുറിപ്പെഴുതുക - കെ.പി.എ.സി.

19. 'മുറിവിട്ടിറങ്ങിയിട്ടും അയാൾ മുഖത്തും നെഞ്ചിലും തുരുതുരെ തുളച്ചു കൊണ്ടിരുന്നു' - ആര്? എന്തുകൊണ്ട്?

20. വാഗോഗോ വർഗ്ഗക്കാരുടെ വിചിത്രമായ ആചാരങ്ങളെന്തെല്ലാം?

21. 'മേധാവിത്വത്തിന്റെ അപാരതയിൽ ഒടിഞ്ഞുപോയ വേലായി പാവയെപ്പോലെ അനുസരിച്ചു.' എന്ത്?

22. 'റിയലിസം' മലയാള നോവൽ ശാഖയിൽ ചെലുത്തിയ സ്വാധീനം വിശദമാക്കുക.

**(8 × 2 = 16 Marks)**



gowcentrallibrary.in

III. നൂറ്റിയിരുപതു വാക്കിൽ കവിയാതെ ആറു ചോദ്യത്തിന് ഉത്തരമെഴുതുക.

23. ആഫ്രിക്കയിലെ ഇന്ത്യക്കാരെക്കുറിച്ച് പൊറ്റക്കാടിന്റെ അഭിപ്രായമെന്ത്?

24. സത്യത്തിന്റെ മുഖങ്ങൾക്ക് എന്തൊരു ഭാവവൈരുദ്ധ്യമാണെന്ന് ശങ്കുമേനോൻ ചിന്തിക്കുന്നതെന്തുകൊണ്ട്?

25. പീത്താൻ മാമൂട്ടി എന്ന കഥാപാത്രത്തെ വിലയിരുത്തുക.

26. മലയാളനാടകത്തിന്റെ തുടക്കം സംസ്കൃതനാടകവിവർത്തനങ്ങളിലായിരുന്നു - പരിശോധിക്കുക.

27. ആഗോളവത്കൃത സമ്പദ്‌വ്യവസ്ഥയുടെ ഇരയായി രാവുണ്ണിയെ കാണാമോ? എന്തുകൊണ്ട്?

28. 'ബുലവായോ' യുടെ സവിശേഷതകളെന്തെല്ലാം?

29. കേരളത്തിലെ സ്ത്രീനാടകവേദിയെക്കുറിച്ചു വിവരിക്കുക.

30. മേലേപ്പുല്ലാരത്തറവാട്ടിലെ കാർത്തി ബീവിയായി പരിണമിക്കുന്നതെങ്ങനെ?

31. അവ്റുമുസ്ല്യാരുടെ നിദ്രാടനങ്ങൾ, നമ്മെ ഓർമ്മിപ്പിക്കുന്ന യാഥാർത്ഥ്യമെന്ത്?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിനുത്തരമെഴുതുക.

32. യാത്രാവിവരണങ്ങളുടെ സമകാലികമുഖം പരിചയപ്പെടുത്തുക.

33. മലയാളനാടകപ്രസ്ഥാനത്തിന്റെ വളർച്ചാവഴികളെ അടയാളപ്പെടുത്തുക.

34. പൊന്നാനിയുടെ മതസഹിഷ്ണുതയുടെയും മതാധിനിവേശത്തിന്റെയും ഇടയിൽപ്പെട്ടുഴലുന്ന മനസ്സുകളുടെ ചരിത്രനിയോഗത്തിലാണ് സൂഫി പറഞ്ഞ കഥയുടെ പൂർത്തീകരണം - ചർച്ച ചെയ്യുക.

35. മലയാളനോവൽ സാഹിത്യവും ഉത്തരാധുനികതയും - ഉപന്യസിക്കുക.

**(2 × 15 = 30 Marks)**

---